പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1030

10.02.2016 ലെ മറുപടിയ്ക്ക്

# സീ പ്ലെയിൻ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾഖാദർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ടൂറിസം വകുപ്പ് സീപ്ലെയിൻ പദ്ധതിക്കായി ഇതിനകം മൊത്തം എത്ര തുക ചെലവഴിച്ചു ; എന്തെല്ലാം കാര്യങ്ങൾക്കായി തുക വിനിയോഗിച്ചു ; തന്നാണ്ടിലെ ബജറ്റിൽ ഇതിനായി വകയിരുത്തിയ തുക എത്രയായിരുന്നു; പിൻവലിച്ചത് എത്ര; എന്തെല്ലാം ആവശ്യങ്ങൾക്കെന്ന് വ്യക്തമാക്കാമോ; | എ) | 2015 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് മൊത്തം 5,88,81,912/- രൂപയും കേരള പോലീസിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിന്റെ വിന്യാസത്തിനും വാട്ടർഡ്രോം സുരക്ഷാക്രമീകരണങ്ങൾ ഒരുക്കുന്നതിന് 2,45,99,536/- രൂപയും വിശദമായ പ്രോജക്ട് റിപ്പോർട്ട്, കേരള സ്റ്റേറ്റ് ഹൈഡ്രോഗ്രാഫിക് സർവ്വേക്കും ഉദ്ഘാടനചടങ്ങ്, അനുബന്ധപരസ്യങ്ങൾ. കേന്ദ്രസർക്കാർ, സ്ഥാപനങ്ങളായ ഡി.ജി.സി.എ, ബി.സി.എ.എസ് മുതലായവയുടെ അനുമതികൾ പരിശോധന, തുടങ്ങി അനുബന്ധ ചിലവുകൾക്ക് മൊത്തം 2,75,60,564/- രൂപയുമാണ് ചിലവായിട്ടുള്ളത്.<br>2015-16 സാമ്പത്തികവർഷത്തിലെ ബജറ്റിൽ ആകെ 6 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ നിന്നും ഇതുവരെ തുക ഒന്നും തന്നെ പിൻവലിച്ചിട്ടില്ല. |
| ബി) | സീപ്ലെയിൻ സർവ്വീസ് എതെല്ലാം റൂട്ടിൽ നടത്തുന്നുണ്ട് ; | ബി) | പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ, കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങൾക്ക് പുറമേ വിനോദസഞ്ചാര കേന്ദ്രങ്ങളായ അഷ്ടമുടി, പുന്നമട, ബോൾഗാട്ടി, ബേക്കൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മുൻഗണനാ സർക്യൂട്ടിൽ സർവ്വീസ് നടത്തുവാനാണ് വിഭാവനം ചെയ്തിരുന്നത്. ഇതിന്റെ ഭാഗമായി ഇതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ കൊല്ലം അഷ്ടമുടിയിലും ആലപ്പുഴ പുന്നമടയിലും ഒരുക്കുകയും, പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ എതിർപ്പിനെ തുടർന്ന് സർവ്വീസുകൾ നിർത്തിവെയ്ക്കുകയാണ് ഉണ്ടായത്. |
| സി) | ഏത് ഏജൻസി വഴിയാണ് സീപ്ലെയിൻ സർവ്വീസ് നടത്തുന്നത്; പ്രതിവർഷം എത്ര ടൂറിസ്റ്റുകൾ ഇത് | സി) | സീപ്ലെയിൻ സർവ്വീസിനായി തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഇവയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുകയും സുരക്ഷാക്രമീകരണങ്ങളും ഏർപ്പെടുത്തുകയും ചെയ്യുക എന്നത് മാത്രമാണ് സർക്കാരിന്റെ ചുമതല. |

| | | | |
|---|---|---|---|
| | പ്രയോജനപ്പെടുത്തുകയുണ്ടായി; | | "ഓപ്പൺ സ്കൈ പോളിസി"യുടെ അടിസ്ഥാനത്തിൽ, കേന്ദ്രസർക്കാർ ഏജൻസികളായ, ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്) മുതലായവയിൽ നിന്ന് ആവശ്യമായ അനുമതികൾ ലഭിച്ചിട്ടുള ഏതൊരു ഓപ്പറേറ്റർക്കും സർവ്വീസ് നടത്താവുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. വിവിധ ഓപ്പറേറ്റർമാർ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലാണ്. ആരും വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസുകൾ ഇതുവരെ ആരംഭിച്ചിട്ടില്ല. |
| ഡി) | നാളിതുവരെ സീപ്ലെയിൻ സർവ്വീസ് ഇനത്തിൽ സർക്കാരിന് ചെലവായ തുകയും ലഭിച്ച വരുമാനവും സംബന്ധിച്ച് വിശദ വിവരം വെളിപ്പെടുത്താമോ? | ഡി) | സീപ്ലെയിൻ സർവ്വീസുകൾ നടത്തേണ്ടത് ഇതിന് ആവശ്യമായ അനുമതികൾ ലഭ്യമായിട്ടുള്ള സ്വകാര്യ ഓപ്പറേറ്റർമാർ ആയതിനാൽ സർക്കാരിന് ഈ ഇനത്തിൽ ഒരു തുകയും ചിലവായിട്ടില്ല.<br>ഇന്ത്യാവൻകരയിൽ സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുക വഴി ടൂറിസം രംഗത്ത് ഒരു നൂതന ഉത്പന്നം കൂടി സഞ്ചാരികൾക്ക് നൽകുക എന്നതാണ് കേരള സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാൻഡ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അയൽ സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉത്പന്നം ലഭ്യമാക്കുകയും ചെയ്യും. സീപ്ലെയിൻ പദ്ധതിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി, സീപ്ലെയിൻ ഓപ്പറേഷൻസ് പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിന്റെ ദൗത്യം.<br>പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തുടക്കത്തിൽ രണ്ടു വർഷത്തേയ്ക്ക് ഈ സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാക്കുവാനാണ് സർക്കാർ തീരുമാനം. അതിനുശേഷം മുതൽ മുടക്കിന് ആനുപാതികമായ ഒരു യൂസേജ് ഫീ ഏർപ്പെടുത്തുവാൻ സാധിക്കും. ജലവിമാനപദ്ധതി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ സഹായിക്കുകയും അതുവഴി പ്രത്യക്ഷവും പരോക്ഷവുമായ വരുമാന ലഭ്യതയ്ക്കും തൊഴിലവസരങ്ങൾക്കും കാരണമാകുകയും ചെയ്യും. ഈ പ്രാരംഭഘട്ടത്തിൽ വരുമാനം കൃത്യമായി കണക്കാക്കുവാൻ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ